# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2608    13.03.2020 ൽ മറുപടിക്ക്**

**പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രളയം മൂലം തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് പ്രളയം മൂലം തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിൽ പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട റോഡുകൾ ദുരന്തങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി) നം. 462/2018/ഡി.എം.ഡി, തീയതി 28.08.2018 പ്രകാരം ദുരന്ത നിവാരണ വകുപ്പിൽ നിന്നും പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് 71.25 കോടി രൂപ അനുവദിച്ചിരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തെത്തുടർന്ന് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. റോഡുകൾ എല്ലാം തന്നെ അടിയന്തരമായി ഗതാഗത യോഗ്യമാക്കിയിരുന്നു. തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലായി 10678 കി.മീ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളുടെ ഉപരിതലം നവീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 2018-19 വർഷം 1667 കോടി രൂപയുടെ ഭരണാനുമതിയും നബാർഡിൽ നിന്നും 2018-19, |

2019-20 വർഷങ്ങളിൽ 602 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ എല്ലാം തന്നെ നടപ്പിലാക്കി വരുന്നു. ഈ വർഷം പ്ലാൻ ഫണ്ടിൽ നിന്നും 623 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

ദേശീയപാത വിഭാഗത്തിനു കീഴിൽ സംസ്ഥാനത്ത് 2019 ലെ പ്രളയത്തിൽ തകർന്ന ദേശീയപാതകളുടെ അറ്റകുറ്റ പണികൾക്കായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 7 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് കേടുപാടുകൾ പരിഹരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ദേശീയപാതകളുടെ ശാശ്വത പരിഹാരത്തിനായി ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ (181 കി.മീ) അനുവദിച്ച് ടെണ്ടർ ചെയ്ത് പദ്ധതി അവാർഡ് ചെയ്യുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ 535 കോടി രൂപയുടെ പട്ടിക ആനുവൽ പ്ലാൻ 2019-2020 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. ഇതിൽ 265 കി.മീ. 424 കോടി രൂപയുടെ ബലപ്പെടുത്തൽ പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ പൂർത്തീകരണ കാലാവധി 6 മാസം മുതൽ 1 വർഷം വരെയാണ്.

| | | | |
|---|---|---|---|
| ബി) | പുനർനിർമ്മിക്കേണ്ട റോഡുകളുടെ മുൻഗണനാക്രമം നിശ്ചയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | പ്രളയത്തെ തുടർന്ന് റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ, റോഡുകളുടെ പ്രാധാന്യം, വാഹന സാന്ദ്രത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്താണ് റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയത്. |
| സി) | ഇത്തരം റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ന്റെ ഭാഗമായി ജർമ്മൻ/ലോക ബാങ്കിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) & ഡി) | ലോക ബാങ്ക്, KFW (ജർമ്മൻ ബാങ്ക്) ഐ.ഡി.ബി തുടങ്ങിയ വിദേശ ഏജൻസികളുടെ സഹായത്തോടെയാണ് "റീബിൽഡ് കേരള" പദ്ധതി KSTP മുഖേന നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് വകുപ്പിന്റെ 819 കി.മീ വരുന്ന 31 |

| | | |
|---|---|---|
| ഡി) | പ്രസ്തുത പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ എന്നേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇത് എന്നേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | റോഡുകളുടെ പുനർ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് നം.(കൈ) 25/2019/ആ.സാ.വ തീയതി 13.08.2019 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനുശേഷം മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള റോഡുകളുടെ പട്ടികയിൽ നിന്നും 12, 23 എന്നീ ക്രമനമ്പറുകൾ പ്രകാരമുള്ള റോഡുകൾ ഒഴിവാക്കി സർക്കാർ ഉത്തരവ് നം.(കൈ)35/2019/ആ.സാ.വ തീയതി 23.12.2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷമേ പുനർനിർമ്മാണത്തിനാവശ്യമായ തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ